**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1178** **02-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കടൽ മത്സ്യത്തിന് ന്യായവില ഉറപ്പാക്കി ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | 2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്റ്റും ചട്ടവും നിലവിൽ പ്രാബല്യത്തിൽ ഉണ്ട്. ആയതിൽ മത്സ്യത്തിനു ലഭിക്കേണ്ട അടിസ്ഥാന വില ഉറപ്പ് നൽകുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്നുണ്ട്. മാത്രമല്ല ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും, മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടുവരുന്ന മത്സ്യം അവർക്ക് താല്പര്യമുള്ള പക്ഷം, അവർ അംഗങ്ങൾ ആയ മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങൾ മുഖേന, നിശ്ചയിച്ച അടിസ്ഥാന വില നൽകി, സംഭരിക്കുന്നതിനുമുള്ള വ്യവസ്ഥകൾ പരാമർശിക്കുന്നുണ്ട്.<br><br>മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത സഹകരണ സംഘങ്ങൾ വഴി തീരദേശ ലേലം സംഘടിപ്പിക്കുന്നത് മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിന് സഹായകരമാകും. ഇതിന്റെ ഭാഗമായി ലേലത്തിലും വിപണനത്തിലും മത്സ്യഫെഡ് കൂടുതൽ സജീവമായി ഇടപെടുന്നതിനും, കൂടുതൽ സഹകരണ സംഘങ്ങളെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. തീരദേശ ലേലം വഴി മത്സ്യ സഹകരണ സംഘങ്ങൾ ശേഖരിക്കുന്ന മത്സ്യം മത്സ്യഫെഡ് നേരിട്ട് വാങ്ങി ഫിഷ് മാർട്ടുകൾ വഴി വിപണനം ചെയ്യുന്നതിനുള്ള സാധ്യതകളും കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സംഘങ്ങൾക്ക് മത്സ്യം സംഭരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി |

| | | | |
|---|---|---|---|
| | | | ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് സാധിക്കുന്നു.<br><br>നിലവിൽ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി 49 ആധുനിക എയർകണ്ടീഷൻഡ് ഫിഷ് മാർട്ടുകൾ, സഹകരണ സംഘം/ബാങ്കുമായി സഹകരിച്ച് 14 ഫ്രാഞ്ചൈസി മാർട്ടുകൾ, 11 'അന്തിപച്ച' മൊബൈൽ ഫിഷ് മാർട്ടുകൾ, ഓൺലൈൻ മത്സ്യവിപണനം, കൂടാതെ വിവിധ സർക്കാർ സ്ഥാപനങ്ങൾ, ഇൻസ്റ്റിറ്റ്യൂഷനുകൾ, ജയിലുകൾ എന്നിവിടങ്ങളിലേക്കുള്ള വിതരണം എന്നിവ നടത്തി വരുന്നു.<br><br>മത്സ്യസംഭരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള 9 മത്സ്യസംഭരണ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയും, ഫിഷ് മാർട്ടുകളില്ലാത്ത നിയോജക മണ്ഡലങ്ങളിൽ ഫിഷ് മാർട്ടുകൾ/അന്തിപച്ച യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്. |
| (ബി) | മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനും മൂല്യവർധിത ഉല്പന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) | മത്സ്യഫെഡ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി വിവിധ വിപണന ചാനലുകൾ ഫലപ്രദമായി വിനിയോഗിച്ചുവരുന്നു. മത്സ്യഫെഡിന്റെ ഫ്രഷ് ഫിഷ് മാർട്ടുകൾ, സഞ്ചരിക്കുന്ന മത്സ്യ വിപണനശാലകളായ 'അന്തിപ്പച്ച' യൂണിറ്റുകൾ, ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ എന്നിവ മുഖേന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പൊതുവിപണിയിലെത്തിക്കുന്നു. കൂടാതെ സർക്കാരിന്റെ ഓൺലൈൻ പ്ലാറ്റ്ഫോമായ K-Shoppe വഴിയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം നടന്നു വരുന്നു.<br><br>മൂല്യവർദ്ധിത ഉൽപ്പന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം മത്സ്യ തൊഴിലാളി സഹകരണ സംഘത്തിന്റെ കീഴിലുള്ള സ്വയംസഹായ സംഘം (SHG) 'പൈതൃകം' ഗ്രൂപ്പ് നിർമ്മിക്കുന്ന ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, വിവിധ മസാലക്കൂട്ടുകൾ എന്നിവ "Matsyafed Eats and Treats" എന്ന വ്യാപാര നാമത്തിൽ മത്സ്യഫെഡ് വിപണിയിൽ എത്തിക്കുന്നു.<br><br>കൂടാതെ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ മുളക്കുഴയിൽ, മത്സ്യം, മരച്ചീനി തുടങ്ങിയ വിഭവങ്ങളെ അടിസ്ഥാനമാക്കി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT), കൊച്ചി, കേന്ദ്ര |

| | | | |
|---|---|---|---|
| | | | കിഴങ്ങ് വിള ഗവേഷണ കേന്ദ്രം (CTCRI), ശ്രീകാര്യം, തിരുവനന്തപുരം എന്നിവയുടെ സാങ്കേതിക സഹായത്തോടെ മത്സ്യഫെഡിന്റെ നേതൃത്വത്തിൽ മൂല്യവർദ്ധന ഉത്പാദന കേന്ദ്രം ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. പ്രസ്തുത കേന്ദ്രത്തിൽ കട്‌ലറ്റ്, ഫിഷ് ഫിംഗർ, ചീസ് ബോൾ, ഫിഷ് സമൂസ, മീൻ അച്ചാറുകൾ തുടങ്ങിയ മത്സ്യാധിഷ്ഠിത ഉൽപ്പന്നങ്ങളും, മരച്ചീനി ചിപ്സ്, പക്കാവട, മുറുക്ക്, മധുര സേവ, മിക്സ്ചർ, കുക്കീസ്, കപ്പ പൊടി തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഉത്പാദിപ്പിക്കുന്നതാണ്.<br><br>മത്സ്യഫെഡിന്റെ കീഴിൽ കോഴിക്കോട് ജില്ലയിലെ വെസ്റ്റ് ഹിൽ, തൃശ്ശൂർ ജില്ലയിലെ അഴീക്കോട് എന്നീ സ്ഥലങ്ങളിൽ ഫിഷ് മീൽ പ്ലാന്റുകൾ പ്രവർത്തിച്ചു വരുന്നു. ഈ പ്ലാന്റുകളിൽ ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യങ്ങളും മത്സ്യാവശിഷ്ടങ്ങളും സംസ്കരിച്ചു ജൈവവളം ഉത്പാദിപ്പിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷിവകുപ്പിന്റെയും വിവിധ പദ്ധതികൾ വഴിയും, നേരിട്ടും, കർഷകർക്ക് ഫിഷ് മീൽ വിതരണം ചെയ്തുവരുന്നു.<br><br>കൂടാതെ മത്സ്യഫെഡിന്റെ ഐസ് ആന്റ് ഫ്രീസിങ് പ്ലാന്റ്, കൊച്ചിയിൽ നിർമ്മിക്കുന്ന ശീതീകരിച്ച കട്‌ലറ്റ്, മീൻ അച്ചാറുകൾ, ഫിഷ് സമോസ എന്നിവ മത്സ്യഫെഡിന്റെ വിതരണ ശൃംഖലയിലൂടെ വിപണനം ചെയ്തുവരുന്നു. |
| (സി) | സംസ്ഥാനത്ത് എത്ര ഫിഷ്മാർട്ടുകൾ നിലവിലുണ്ട്; മത്സ്യസഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി ഫിഷ്മാർട്ടുകൾ സ്ഥാപിക്കുവാൻ നിലവിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | നിലവിൽ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി ആധുനിക രീതിയിലുള്ള എയർകണ്ടീഷൻ സംവിധാനത്തോടുകൂടി 49 ഫിഷ് മാർട്ടുകളും, സഹകരണ സംഘം/ബാങ്കുമായി സഹകരിച്ച് 14ഫ്രാഞ്ചൈസി മാർട്ടുകളും 11 അന്തിപച്ച മൊബൈൽ (സഞ്ചിരിക്കുന്ന മത്സ്യവിപണനശാല) മാർട്ടുകളും ഓൺലൈൻ മത്സ്യവിപണനവും, വിവിധ സർക്കാർ സ്ഥാപനങ്ങൾ, ഇൻസ്റ്റിറ്റ്യൂഷനുകൾ, ജയിലുകൾ എന്നിവിടങ്ങളിലേയ്ക്കും വിതരണം ചെയ്തു വരുന്നു. കൂടുതൽ മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മത്സ്യസംഭരണം ശക്തിപ്പെടുത്തുന്നതിനായി നിലവിലുള്ള 9 മത്സ്യസംഭരണ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതിയുണ്ട്. മത്സ്യസഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി ഫിഷ് മാർട്ടുകൾ ആരംഭിക്കാൻ നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ